**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3699** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷീരകർഷകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതുതായി നൽകി വരുന്നത്; വിശദമാക്കാമോ; | (എ) | ക്ഷീര വികസന വകുപ്പിന്റെ പ്രധാന പദ്ധതികൾക്കുപുറമെ ഈ വർഷം താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1.ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതി ദരിദ്രർ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.<br><br>2.സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, കോമേഴ്സ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>3.അതിർത്തി പ്രദേശങ്ങളിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്ത് നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറൻറ്റൈയിൻ സെന്ററുകളും ഉരുക്കളുടെ വിൽപന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>4.ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം - പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരുവാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br><br>5.ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം – ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് ലോൺ മുഖേന ചിലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി |
| (ബി) | ക്ഷീരകർഷകർക്കായി ആരോഗ്യ ഇൻഷുറൻസ് | (ബി) | കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക |

| | | | |
|---|---|---|---|
| | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | | സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാഗംങ്ങൾ, കറവമാട്ടുകൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയിലേക്ക് കർഷകർ എത്ര തുകയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്; ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഇത് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ പ്രീമിയം നിരക്കുകൾ ഉള്ളടക്കം ചെയ്യുന്നു. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ എന്നീ ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതി നടപ്പാക്കി വരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി വഴി ഏതെല്ലാം ആശുപത്രി ചെലവുകളിന്മേലാണ് കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത്; വിശദമാക്കാമോ? | (ഡി) | നിലവിലുള്ള അസുഖങ്ങൾക്ക് 50000 രൂപ വരെ പരിരക്ഷ ലഭിക്കുന്നതാണ്. ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാൽ മുറി വാടക + നഴ്സിങ്ങ് ചാർജ്ജ് 1 % of sum insured ( പ്രതിദിനം 1000/- രൂപ) ഐ സി യു ചാർജ്ജ് + നഴ്സിങ്ങ് ചാർജ്ജ് 2% of insured ( പ്രതിദിനം 2000/- രൂപ ) അനസ്തേഷ്യ, രക്തം, ഓക്സിജൻ, ലബോറട്ടറി, എക്സ്റേ, സ്കാനിങ് മുതലായവ പോളിസി ആനുകൂല്യത്തിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പ്രീമിയം നിരക്കുകൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം | ഗുണഭോക്താക്കൾ | ആരോഗ്യ ഇൻഷ്വറൻസ് | വ്യക്തിഗത അപകട ഇൻഷ്വറൻസ് | ലൈഫ് ഇൻഷ്വറൻസ് | കറവ മാട്ടുകളുടെ ഇൻഷ്വറൻസ് | ആകെ പ്രീമിയം തുക | ധനസഹായം | ഗുണ ഭോക്തൃ വിഹിതം |
| I | **കർഷകർ - 18 മുതൽ 60 വയസ്സ് വരെ** | | | | | | | |
| A | കർഷകൻ/ ക്ഷീരസംഘം ജീവനക്കാരൻ | 3,567 | 126 | 337 | - | 4,030 | 2015 | 2,015 |
| B | കർഷകനും/ ക്ഷീരസംഘം ജീവനക്കാരൻ ജീവിത പങ്കാളിയും | 5109 | 126 | 337 | - | 5,572 | 2786 | 2,786 |
| C | കർഷകനും / ക്ഷീരസംഘം ജീവനക്കാരൻ ജീവിത പങ്കാളിയും, 1 or 2 കുട്ടികളും ( 25 വയസ്സ് വരെ) | 6138 | 126 | 337 | - | 6,601 | 3300 | 3,301 |
| D | കർഷകനും / ക്ഷീരസംഘം ജീവനക്കാരൻ 1 or 2 കുട്ടികളും ( 25 വയസ്സ് വരെ) | 4596 | 126 | 337 | - | 5,059 | 2529 | 2,530 |
| II | **കർഷകൻ - 60 മുതൽ 80 വയസ്സ് വരെ** | | | | | | | |
| A | കർഷകൻ | 3,567 | 126 | - | - | 3,693 | 1846 | 1,847 |
| B | കർഷകനും ജീവിത പങ്കാളിയും | 5109 | 126 | - | - | 5,235 | 2617 | 2,618 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| C | കർഷകനും ജീവിത പങ്കാളിയും, 1 or 2 കുട്ടികളും ( 25 വയസ്സ് വരെ) | 6138 | 126 | - | - | 6,264 | 3132 | 3,132 |
| D | കർഷകനും 1 or 2 കുട്ടികളും ( 25 വയസ്സ് വരെ) | 4596 | 126 | - | - | 4,722 | 2361 | 2,361 |
| III | പദ്ധതിയിൽ അംഗമായ എല്ലാ കർഷകരുടെ മാതാപിതാക്കൾക്ക് ആരോഗ്യ ഇൻഷ്വറൻസ് (പ്രായപരിധിയില്ല) കർഷകന്റെ പ്രീമിയത്തോടൊപ്പം തുക അടയ്ക്കണം | 3271 | - | - | - | 3,271 | - | 3,271 |
| | 25 വയസ്സിൽ താഴെയുള്ള രണ്ടിൽ കൂടുതൽ കുട്ടികളെ ഇൻഷ്വർ ചെയ്യുന്നവർക്ക് (ഒരു കുട്ടിയുടെ പ്രീമിയം) | 701 | | | | | | 701 |
| V | **കന്നുകാലികൾ** | | | | | | | |
| A | ഇൻഷ്വറൻസ് കവറേജ് - 50,000/- | | | | 1800 | 1800 | 900 | 900 |
| B | ഇൻഷ്വറൻസ് കവറേജ് - 60,000/- | | | | 2160 | 2160 | 1080 | 1,080 |
| C | ഇൻഷ്വറൻസ് കവറേജ് - 70,000/- | | | | 2520 | 2520 | 1260 | 1,260 |